(ഡി) കിഫ്ബി എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവ് 2026-ൽ എത്ര തുകയാണെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

2021 ജൂൺ 30 വരെയുള്ള വായ്പകളുടെ കണക്കുകൾ പ്രകാരം 2026 സാമ്പത്തിക വർഷത്തിൽ ഏകദേശം 852.02 കോടി രൂപ വിവിധ വായ്പകളിലേയ്ക്കായി തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

43(47) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടികയും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും നിർവ്വഹണ ഏജൻസിയുടെ പേരും വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെയും പുരോഗതിയുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി നൽകുന്നതിനായി ഇപ്പോൾ കിഫ്ബിയിൽ പരിഗണിക്കുന്ന ഈ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടികയും തുകയും വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഇവയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ ധനാനുമതി നൽകുന്നതിലേയ്ക്കായി നിലവിൽ കിഫ്ബിയിൽ അവലോകനത്തിലുള്ള പദ്ധതി 'അമ്പലപ്പുഴ ഗവണ്മെന്റ് കോളേജ്' ആണ്. പ്രസ്തുത പദ്ധതിയുടെ 10.34 കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയിൽ ലഭിച്ചത്. സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ട തനുസരിച്ച് കിഫ്ബി മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly